നം.DDDKER/3342/2023-C2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:-01-08-2024

ഡയറക്ടർ

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം:- ക്ഷീരവികസന വകുപ്പ്- ഡയറക്ടറേറ്റ്- സഹകരണ ജാഗ്രത ത്രൈമാസ യജ്ഞം - **"ജാഗ്രത -2024"** - സംബന്ധിച്ച്

സൂചന :- 1. 25.07.2024 ലെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കോൺഫറൻസ് തീരുമാനം.
2. ഈ കാര്യാലയത്തിലെ 10.11.2023 ലെ DDDKER/1959/2023-C2 നമ്പർ കത്ത്
3. ഈ കാര്യാലയത്തിലെ 11.12.2023 ലെ ഇതേ നമ്പർ കത്ത്

2023 ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ആക്ട് 07.06.2024 ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത ഭേദഗതി പ്രകാരം സംഘങ്ങളിലെ അന്വേഷണം, സൂപ്പർവിഷൻ, സർച്ചാർജ് (വകുപ്പ് 65, വകുപ്പ് 66, വകുപ്പ് 68 ) എന്നിവയിൽ വിവിധ ഭേദഗതികൾ വരുത്തുകയും, കർശനമായ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിലെ അന്വേഷണം, സൂപ്പർവിഷൻ, സർചാർജ് എന്നിവ സംബന്ധിച്ച് കൂടുതൽ ശക്തമായ ഇടപെടലുകൾ ആവശ്യമാണെന്നും, ആയത് സംഘങ്ങളുടെ മുന്നോട്ടുള്ള പ്രവർത്തനം സുസജ്ജമാക്കുന്നതിനു അനിവാര്യമാണെന്നും ബോധ്യപ്പെടുന്നു. അഴിമതികളും, ക്രമക്കേടുകളും, ക്രമരഹിതമായ പ്രവർത്തനങ്ങളും ഇല്ലാത്ത രീതിയിൽ ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിച്ചെങ്കിൽ മാത്രമേ സംഘങ്ങളുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ക്ഷീരകർഷകരെ വിശ്വാസത്തിലെടുക്കുവാൻ കഴിയുകയുള്ളൂ. അതുവഴി കൂടുതൽ പേർ ഈ മേഖലയിലേക്ക് കടന്നുവരുന്നതിനും ക്ഷീരമേഖല മികച്ച രീതിയിൽ മുന്നോട്ടു പോകുന്നതിനും വഴി തെളിക്കുന്നതാണ്. ഈ ഉദ്ദേശ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാന ക്ഷീരവികസന വകുപ്പ് സഹകരണ ജാഗ്രത ത്രൈമാസ യജ്ഞം **"ജാഗ്രത-2024"** എന്ന പേരിൽ **2024 ആഗസ്റ്റ് മാസം 1 മുതൽ ഒക്ടോബർ 31** വരെ തെരഞ്ഞെടുത്ത ക്ഷീരസഹകരണ സംഘങ്ങളിൽ സമഗ്രമായ രീതിയിൽ പരിശോധന/അന്വേഷണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. മേൽസൂചന നിർദ്ദേശങ്ങൾക്ക് വിധേയമായി **"ജാഗ്രത-2024"** ന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും ഉൾകൊണ്ട് വേണം ഓരോ അന്വേഷണ ഉദ്യോഗസ്ഥനും ഈ ഉദ്യമത്തിനെ സമീപിക്കേണ്ടത് എന്നും നിർദ്ദേശിക്കുന്നു.

ജില്ലയിലെ വകുപ്പിന്റെ ഇൻസ്പെക്ഷൻ ടീം ആയ Team A യും Team B യും ക്ഷീരവികസന യൂണിറ്റിലെ എല്ലാ ക്ഷീരവികസന ഓഫീസർമാരും, ഡെയറി ഫാം ഇൻസ്ട്രക്ടർമാരും **"ജാഗ്രത-2024"**ന്റെ കാലയളവിൽ പരമാവധി ക്ഷീരസംഘങ്ങളിൽ വിശദ പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക യോഗം ചേർന്നു വേണം

അന്വേഷണത്തിനായുള്ള ക്ഷീരസംഘങ്ങളെ തെരഞ്ഞെടുക്കേണ്ടത്. കൂടുതൽ പരാതി ഉള്ള സംഘങ്ങൾ/ ആഡിറ്റ് കുടിശ്ശികയുള്ള സംഘങ്ങൾ/ ആഡിറ്റിൽ ബി ക്ലാസിനും താഴെയുള്ള സംഘങ്ങൾ/ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ മുതലായവയ്ക്ക് മുൻഗണന നൽകണം. ഓരോ ജില്ലയിലും നടത്തുന്ന അന്വേഷണം/പരിശോധന സംബന്ധിച്ച് വിശദമായ ഷെഡ്യൂൾ 2024 ആഗസ്റ്റ് 10 ാം തീയതിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
Signed by
Asif K Yusuf
Date: 01-08-2024 17:49:48

**ഡയറക്ടർ**

പകർപ്പ്:-

1) ജോയിന്റ് ഡയറക്ടർ(ജനറൽ, പ്ലാനിംഗ്, എസ്.ഡി.എൽ)

2) ഡെപ്യൂട്ടി ഡയറക്ടർ(ജനറൽ, പ്ലാനിംഗ്,എക്സ്റ്റൻഷൻ, IT&e.Gov)

3) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

4) എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും, ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്കും(ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

5) ഡയറി ഫാം ഇൻസ്ട്രക്ടർ (ഐ.ടി.സെൽ)(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്